പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2913 22.02. 2016- ലെ മറുപടി

**നോർക്ക ചെയർമാൻ ഫണ്ട് പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.അച്ചുതൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)നോർക്ക ചെയർമാൻ ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി)എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി)നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ചെയർമാൻ ഫണ്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പ്രവാസി കുടുംബാംഗങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ചെയർമാൻ ഫണ്ട് പദ്ധതിയിലൂടെ ചികിത്സാ, മരണാനന്തര, വിവാഹ ധനസഹായങ്ങൾ നൽകിവരുന്നുണ്ട്. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) നോർക്ക – റൂട്ട്സ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20% ഉൾക്കൊള്ളിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണിത്. അർഹതയുള്ളവർക്ക് നോർക്ക – റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് ഈ ധനസഹായം നൽകിവരുന്നത്. നാളിതുവരെ ചെയർമാൻ ഫണ്ട് പദ്ധതിയിൽ നിന്നും 985 പേർക്കായി 1,87,50,652/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ